LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി.സി. തെരഞ്ഞെടുപ്പ് പരീക്ഷയുടെ ചോദ്യക്കടലാസ് ചോർന്നുവെന്ന ആരോപണം

24 [41] *ശ്രീ. എ. കെ. മണി:*

,, *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ പി.എസ്.സി. ചെയർമാൻ സ്ഥാനമേറ്റശേഷം എൽ.ഡി.സി. തെരഞ്ഞെടുപ്പ് പരീക്ഷയുടെ ചോദ്യക്കടലാസ് ഏതെങ്കിലും ജില്ലകളിൽ ചോരുകയോ, ചോർന്നതായി ആരോപണമുണ്ടാവുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉദ്യോഗ നിയമനം സംബന്ധിച്ച് പ്രസ്തുത കാലയളവിൽ പി.എസ്.സി. നടത്തിയ മറ്റെതെല്ലാം എഴുത്തുപരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി ആരോപണമുണ്ട് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലത്ത് നടത്തിയ സബ് ഇൻസ്പെക്ടർ നിയമനത്തിലെ അഴിമതിയെപ്പറ്റി ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നറിയിക്കാമോ;

(ഡി) ഇക്കാലത്ത് നടന്ന എൽ.ഡി.സി. നിയമനത്തിനുള്ള ചോദ്യപ്പേപ്പർ ചോർന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയോ; പ്രസ്തുത അന്വേഷണത്തോട് പി.എസ്.സി. സഹകരിച്ചോ, ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) - (ഡി) വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേരി എം.എൽ.എ.യുടെ വീട്ടിൽ നടന്ന മോഷണം

25 [44] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി എം.എൽ.എ.യുടെ വീട്ടിൽ മോഷണം നടന്നതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ പ്രസ്തുത കേസ് ആരാണ് അന്വേഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ മഞ്ചേരി പോലീസ് സ്റ്റേഷനിൽ 3-10-2004-ാം തീയതി ക്രൈം 650/2004 യു/എസ്. 457, 380, 461 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(സി) പ്രസ്തുത കേസ് മഞ്ചേരി സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു.

(ഡി) പ്രതികളെക്കുറിച്ച് വിവരങ്ങളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ഊർജ്ജിത അന്വേഷണം നടന്നുവരുന്നു.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട വിജിലൻസ് കേസുകൾ

26 [47] *ശ്രീ. പി. എസ്. സുപാൽ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇതിൽ ഓരോ വകുപ്പിൽ നിന്നും ഉണ്ടായിട്ടുള്ള കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായി എന്നും, വിജിലൻസ് രജിസ്റ്റർ ചെയ്ത എത്ര കേസുകളുടെ അന്വേഷണം സർക്കാർ മരവിപ്പിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) എത്ര കേസുകളുടെ അന്വേഷണം സർക്കാർ വേണ്ടെന്നുവച്ചിട്ടുണ്ട്, ഇവ ഏതൊക്കെ കേസുകളാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര സർക്കാർ ജീവനക്കാർക്കെതിരെയും എത്ര ജനപ്രതിനിധികൾക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly